രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും തൃശ്ശൂർ നഗരസഭയിലെ 23.72 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും കോഴിക്കോട് നഗരസഭയിലെ 14.15 കോടി രൂപ മുതൽമുടക്കുള്ള മഴവെള്ള നിർഗ്ഗമന ചാലുകളുടെ നിർമ്മാണവും 63.85 കോടി രൂപ മുതൽമുടക്കുള്ള സ്വിവറേജ് വാഹക ശൃംഖലകളുടെ നിർമ്മാണവും പരമാവധി അടുത്ത വർഷം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ കോഴിക്കോട് നഗരസഭയിൽ 13.5 ദശലക്ഷം യൂണിറ്റ് വാഹക ശേഷിയുള്ള ഒരു മലിനജല സംസ്കരണശാലയും കരാർ നൽകി പണികൾ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) എ.ഡി.ബി.-യുടെ വായ്പാ സഹായത്തോടെ സംസ്ഥാനം നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് കേരള സുസ്ഥിര നഗരവികസന പദ്ധതി എന്നതിനാൽ ഇതിനായി പ്രത്യേക കേന്ദ്ര സഹായങ്ങളൊന്നും പ്രതീക്ഷിക്കുന്നില്ല.

(സി) 5 മുനിസിപ്പൽ കോർപ്പറേഷനുകളിലും നിലവിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

കേരള സുസ്ഥിര നഗരവികസന പദ്ധതി

295 (1720) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള അനുമതിക്കായി മട്ടന്നൂർ നഗരസഭയിലെ ഏതെല്ലാം പദ്ധതികളാണ് കെ.എസ്.യു.ഡി.പി.-ക്ക് സമർപ്പിച്ചിട്ടുള്ളത് ; ഓരോ പദ്ധതിയും എത്ര തുകയുടെ എസ്റ്റിമേറ്റ് അടങ്ങിയതാണ് ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി. എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ടാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി മട്ടന്നൂർ നഗരസഭ കെ.എസ്.യു.ഡി.പി.-യിൽ സമർപ്പിച്ച പദ്ധതികളും അവയുടെ അടങ്കലുകളും ചുവടെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി	അടങ്കൽ	
1. കടിവെള്ള വിതരണ പദ്ധതി	76	ലക്ഷം രൂപ
2. റോഡ് നവീകരണ പദ്ധതി	8.75	ലക്ഷം രൂപ
3. അർബൻ റിന്യൂവൽ പദ്ധതി (മാർക്കറ്റ് നവീകരണ പദ്ധതി)	28.1	ലക്ഷം രൂപ

(ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയുടെ രണ്ടാമത് സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടുന്നതിന് മുന്നോടിയായുള്ള പ്രോജക്ട് അപ്രൈസലിനായി മട്ടന്നൂർ നഗരസഭ സമർപ്പിച്ച പ്രോജക്ടുകൾ കേന്ദ്ര നഗരകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്.

(സി) ലോക്സഭയിലേക്കുള്ള തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിലും യു.ഐ.ഡി.എസ്.എസ്.എം.റ്റി. ട്രാൻസിഷൻ ഫെയ്സിലെ പദ്ധതികളുടെ അംഗീകാരവും യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി കാലയളവും 31-3-2014 തീയതി വച്ച് അവസാനിപ്പിച്ച സാഹചര്യത്തിലും 2014 ഫെബ്രുവരിയിൽ അപ്രൈസലിനായി സമർപ്പിച്ച മട്ടന്നൂർ നഗരസഭയുടെ പ്രോജക്ടുകൾ കേന്ദ്ര നഗരകാര്യ വകുപ്പ് മടക്കി അയക്കുകയുണ്ടായി.

കോഴിക്കോട് നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

296 (1721) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ സ്വകാര്യ വ്യക്തികൾ വിതരണം ചെയ്യുന്ന കുടിവെള്ളം ഗുണനിലവാരമുള്ളതാണോ എന്ന് കോർപ്പറേഷനിലെ ഹെൽത്ത് വിഭാഗം പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) വെള്ളം ശേഖരിക്കുന്ന കിണറുകളും കുളങ്ങളും ഹെൽത്ത് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കാറുണ്ടോ ?

ഉത്തരം

(എ&ബി) ഇല്ല.

1024/2018

LIBRARY ARCHIVES Kerala Legislative Assembly